LIBRARY ARCHIVES Kerala Legislative Assembly

വിഷൻ ഇന്ത്യാ പ്രോജക്ടിന്റെ പ്രവർത്തനം

258 (1986) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫുട്ബോൾ കളി ശാസ്ത്രീയമായി അഭ്യസിക്കുന്നതിനായുള്ള വിഷൻ ഇന്ത്യാ പ്രോജക്ട് ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത് ;

(ബി) ഈ പദ്ധതി വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുക ലക്ഷ്യമാക്കി ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെ സാങ്കേതിക സഹായത്തോടെ കേരളസ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റേയും കേരള ഫുട്ബോൾ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണിത്. ഓരോ ജില്ലയിൽ നിന്നും 8 സ്കൂളുകൾ വീതം തെരഞ്ഞെടുത്ത് ഒരു സ്കൂളിൽ 40 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.

കായിക സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

259 (1987) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കായിക സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കായിക പഠനത്തിനും, പരിശീലനത്തിനും സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് അഡ്മിനിസ്ട്രേഷൻ, സ്പോർട്സ് ജേണലിസം എന്നിവയിലും ഡിഗ്രി കോഴ്സുകൾ. കൂടാതെ, സ്പോർട്സ് സയൻസിൽ ഗവേഷണം മുതലായവ.

സ്പോർട്സ് യൂണിവേഴ്സിറ്റി

260 (1988) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോർട്ട്സ് യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?